**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2034** **02-02-2024 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന വഖഫ് ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിക്കായി വഖഫ് ബോർഡിന് സർക്കാർ നൽകി വരുന്ന സ്പെഷ്യൽ ഗ്രാന്റിൽ നിന്നും താഴെ പറയുന്ന ഇനങ്ങൾക്ക് ധനസഹായം നൽകി വരുന്നു.<br><br>1. പ്രതിമാസ ധനസഹായം (പെൻഷൻ) സ്കോളർ ഇൻ അറബിക്ക്, ടീച്ചർ ഇൻ അറബിക്ക്, ഖാദിം എന്നിവർക്ക് (1,000/- രൂപ പ്രതിമാസം)<br><br>2. നിർധനരായ രോഗികൾക്കുള്ള ചികിത്സ ധനസഹായം (15,000/- രൂപ)<br><br>3. നിർധനരായ കുടുംബത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം (10,000/- രൂപ)<br><br>4. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുള്ള ഇസ്ലാമിക് ചെയർ ഗ്രാന്റ് (3,00,000/- രൂപ)<br><br>5. മുസ്ലിം സ്ത്രീകൾക്കുള്ള സഹായം (വിവാഹ മോചിതയായ ഒരു സ്ത്രീക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം പെൻഷൻ 500/- രൂപ)<br><br>മേൽപരാമർശിച്ചു കൂടാതെ വഖഫ് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന ഇനങ്ങൾക്ക് ധനസഹായങ്ങൾ നല്കി വരുന്നുണ്ട്.<br><br>1. ഭിന്നശേഷിക്കാർക്ക് നൽകിവരുന്ന പെൻഷൻ (1000/- രൂപ പ്രതിമാസം)<br><br>2. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് (പ്രതിമാസം 2500/- രൂപ നിരക്കിൽ ഓരോ അക്കാഡമിക് വർഷത്തിലെ 10 മാസത്തേക്ക്). |
| (ബി) | 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാരിൽ നിന്നും വഖഫ് ബോർഡിന് ലഭിച്ച | (ബി) | 2016-17 മുതൽ നാളിതുവരെ സർക്കാരിൽ നിന്നും സംസ്ഥാന വഖഫ് ബോർഡിന് റിലീസ് ചെയ്ത |

| | | | |
|---|---|---|---|
| | ധനസഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | | നൽകിയ സോഷ്യൽ വെൽഫെയർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>2016-17 — 1,20,00,000/-<br>2017-18 — 60,00,000/-<br>2018-19 — 2,50,00,000/-<br>2019-20 — 42,24,000/-<br>2020-21 — 3,32,00,000/-<br>2021-22 — 1,32,00,000/-<br>2022-23 — 1,00,00,000/-<br>2023-24 — 1,32,00,000/- |
| (സി) | നിർധനരായ രോഗികളുടെ ചികിത്സയ്ക്കും വിധവകളായ സ്ത്രീകളുടെ പെൺമക്കളുടെ വിവാഹത്തിനും വഖഫ് ബോർഡ് മുഖാന്തിരം ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ 2016 മുതൽ നാളിതുവരെ പ്രസ്തുത ധനസഹായങ്ങൾക്കുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാം കാലയളവിലുള്ള അപേക്ഷകൾക്ക് വഖഫ് ബോർഡ് സാമൂഹ്യ ക്ഷേമ (കേരള) പദ്ധതി സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, അംഗീകരിച്ച അപേക്ഷകളിൽ എത്രപേർക്ക് പണം നൽകാൻ ബാക്കിയുണ്ട് എന്നും ഇതിന് എത്ര രൂപ ആവശ്യമായി വരുമെന്നും ഇനം, വർഷം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ; | (ഡി) | 2016 മുതൽ ചികിത്സ ധനസഹായം, വിവാഹ ധനസഹായം എന്നീ ഇനങ്ങളിൽ ലഭിച്ച അപേക്ഷകളുടെയും അവയിൽ സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയതിന്റെയും അംഗീകരിച്ച അപേക്ഷകളിൽ ധനസഹായം അനുവദിക്കുവാൻ ബാക്കിയുള്ള അപേക്ഷകളുടെയും ഇതിനായി വേണ്ടി വരുന്ന തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | മുമ്പ് ഇത്തരം ധനസഹായം നൽകുന്നതിന് ബോർഡ് എങ്ങനെയാണ് പണം കണ്ടെത്തിയിരുന്നത് എന്നും ഇപ്പോൾ അവ ലഭിക്കാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ? | (ഇ) | സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് തുക വിനിയോഗിച്ചാണ് മുമ്പും ഇത്തരം ധനസഹായം വഖഫ് ബോർഡ് നൽകിയിരുന്നത്. നടപ്പ് സാമ്പത്തിക വർഷവും സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ 1,32,00,000/- രൂപ സർക്കാർ ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ചികിത്സ ധനസഹായം/വിവാഹ ധനസഹായം എന്നിവ സംബന്ധിച്ച വിവരങ്ങൾ**

## 1. ചികിത്സ ധനസഹായം

| ക്രമ നമ്പർ | വർഷം | ചികിത്സ ധനസ ഹായം അപേക്ഷ ലഭിച്ചത് | ചികിത്സ ധനസ ഹായം പാസ്സാക്കി യത് | ചികിത്സ ധന സഹായം നൽകുവാൻ ബാക്കിയുള്ള അപേക്ഷ | ചികിത്സ ധന സഹായം നൽകുവാൻ ആവശ്യമായ തുക |
|---|---|---|---|---|---|
| 1. | 2016 | 1328 | 1013 | 0 | 0 |
| 2. | 2017 | 921 | 737 | 0 | 0 |
| 3. | 2018 | 791 | 654 | 6 | 90,000.00 |
| 4. | 2019 | 693 | 559 | 559 | 83,85,000.00 |
| 5. | 2020 | 400 | 325 | 325 | 48,75,000.00 |
| 6. | 2021 | 360 | 289 | 289 | 43,35,000.00 |
| 7. | 2022 | 368 | 288 | 288 | 43,20,000.00 |
| 8. | 2023 | 370 | 207(31-08-2023 വരെ) | 207 | 31,05,000.00 |
| 9. | 2024 | 27 | 0 | 0 | 0 |
| | ആകെ | 5258 | 4072 | 1674 | 2,51,10,000.00 |

## 2. വിവാഹ ധനസഹായം

| ക്രമ നമ്പർ | വർഷം | വിവാഹ ധനസ ഹായം അപേക്ഷ ലഭിച്ചത് | വിവാഹ ധനസ ഹായം പാസ്സാ ക്കിയത് | വിവാഹ ധനസ ഹായം നൽകു വാൻ ബാക്കി യുള്ള അപേക്ഷ | വിവാഹ ധനസ ഹായം നൽകുവാൻ ആവശ്യ മായ തുക |
|---|---|---|---|---|---|
| 1. | 2016 | 1410 | 1059 | 99 | 99,000.00 |
| 2. | 2017 | 1301 | 1102 | 139 | 13,90,000.00 |
| 3. | 2018 | 1148 | 967 | 967 | 96,70,000.00 |
| 4. | 2019 | 899 | 732 | 732 | 73,20,000.00 |
| 5. | 2020 | 588 | 499 | 499 | 49,90,000.00 |
| 6. | 2021 | 525 | 437 | 437 | 43,70,000.00 |
| 7. | 2022 | 417 | 358 | 358 | 35,80,000.00 |
| 8. | 2023 | 245 | 129(31-08-2023 വരെ) | 129 | 12,90,000.00 |
| 9. | 2024 (20-01-2024 വരെ) | 10 | 0 | 0 | 0.00 |
| | ആകെ | 6524 | 6130 | 3360 | 3,36,00,000.00 |